## വിജ്ഞാപനം

### കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറം അംഗത്തിന്റെ നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കോഴിക്കോട് ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ (ജനറൽ) നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസ്സോ അതിനു മുകളിലോ പ്രായമുള്ളവരും, ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്ത് 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും, കഴിവും, ആർജ്ജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി 5 വർഷം വരെയോ 65 വയസ്സ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റുകളിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. അപേക്ഷകർ ബയോഡേറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത അപേക്ഷാ ഫോറത്തിൽ 30-05-2020 ന് മുൻപ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

നിശ്ചിത സമയ പരിധിക്കുള്ളിൽ സർക്കാരിൽ ലഭ്യമാകുന്ന അപേക്ഷകളിൽ നിന്ന് ചുരുക്ക പട്ടിക തയ്യാറാക്കി സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുന്നത്. അഭിമുഖത്തിൽ പങ്കെടുക്കുന്നതിനായി അപേക്ഷകർക്ക് യാത്രാബത്തയോ മറ്റ് ചെലവുകളോ അനുവദിക്കുന്നതല്ല.

തിരുവനന്തപുരം
03-04-2020

### കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം ജനറൽ മെമ്പർ നിയമനത്തിനുവേണ്ടിയുള്ള ഭേദഗതി വിജ്ഞാപനം.

കോഴിക്കോട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ (ജനറൽ) നിയമനത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ച 03.04.2020 ലെ വിജ്ഞാപനം യഥാസമയം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാതിരുന്ന സാഹചര്യത്തിൽ ടി വിജ്ഞാപനത്തിലെ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 30.05.2020 എന്നത് 31.07.2020 എന്ന് പുതുക്കി ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കുന്നു. 03.04.2020 ലെ വിജ്ഞാപനം മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

തിരുവനന്തപുരം.
17.07.2020